# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3317 | 24.06.2013-ൽ മറുപടിയ്ക്ക്

## <u>വഴിയോര തണൽ പദ്ധതി</u>

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി. ശശി<br>ശ്രീമതി ഇ. എസ് . ബിജിമോൾ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് വഴിയോര തണൽ പദ്ധതി എന്നു മുതലാണ് നടപ്പിലാക്കിയത് . ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു , വിശദമാക്കുമോ , | എ) 2007 - 08 മുതലാണ് സംസ്ഥാനത്ത് വഴിയോര തണൽ പദ്ധതി നടപ്പിലാക്കിയത്. ദേശീയ - സംസ്ഥാന പാതകളുടെയും, മറ്റ് പ്രധാനപ്പെട്ട റോഡുകളുടെയും വശങ്ങളിൽ സ്ഥല ലഭ്യതയനുസരിച്ച് വിവിധയിനം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് തണൽ ലഭ്യമാക്കുന്നു. തദ്വാരാ വനവൽക്കരണം വർദ്ധിപ്പിച്ച് ആഗോളതാപനം തുടങ്ങിയ വിപത്തുകൾ ഒഴിവാക്കി പ്രകൃതി സംരക്ഷണം ഉറപ്പാക്കുകയുമാണ് ഈപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം ഇനങ്ങളിൽപ്പെട്ട തൈകളാണ് വെച്ചുപിടിപ്പിച്ചത് , വെളിപ്പെടുത്തുമോ ; | ബി) കണിക്കൊന്ന, ഉങ്ങ്, മഹാഗണി, മന്ദാരം, അരണമരം, ആര്യവേപ്പ്, കുമ്പിൾ, പ്ലാവ്, അശോകം, പേര, ബദാം ഞാവൽ, നീർമരുത്, മണിമരുത്, താന്നി, കുടംപുളി, നെല്ലി, മാവ്, ചമത, പതിമുഖം, വാക, തമ്പകം, വെള്ളപൈൻ, മഴമരം, ചെമ്പകം തുടങ്ങി ഒരു വർഷം പ്രായം ചെന്ന മരങ്ങളാണ് നട്ടുപിടിപ്പിക്കുന്നത്. |
| സി) ഇതു പ്രകാരം നട്ടുവളർത്തിയ തൈകൾ നശിപ്പിച്ചവർക്കെതിരെ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കേസെടുത്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | സി) കേസ്സെടുക്കുവാൻ വനം വകുപ്പിന് നിയമപരമായി അധികാരമില്ല. എന്നാൽ വൃക്ഷത്തൈകൾ നശിപ്പിക്കുന്നവർക്കെതിരെ പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുകയും, തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു |

| | | |
|---|---|---|
| ഡി) | പ്രസ്തുത പദ്ധതി പ്രകാരം നട്ടുവളർത്തിയവയിൽ എത്ര ശതമാനത്തെ ഇപ്പോൾ പരിപാലിക്കുന്നുണ്ട് ; വ്യക്തമാക്കുമോ ; | ഡി) പ്രസ്തുത പദ്ധതി പ്രകാരം നട്ടുവളർത്തിയതിൽ 73% തൈകൾ നിലവിൽ പരിപാലിച്ചു വരുന്നു. |
| ഇ) | ഈ സർക്കാർ അധികാരമേറ്റശേഷം വനം വകുപ്പും, സാമൂഹ്യ വനവൽക്കരണ വിഭാഗവും പദ്ധതിക്ക് പ്രാധാന്യം നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ , എങ്കിൽ പദ്ധതി വിപുലമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത് , വിശദമാക്കുമോ ? | ഇ) ഈ സർക്കാർ അധികാരമേറ്റശേഷം വനം വകുപ്പും, സാമൂഹ്യ വനവൽക്കരണ വിഭാഗവും പദ്ധതിക്ക് പ്രാധാന്യം നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ